# കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ/സെനറ്റ്/സ്റ്റുഡൻറ്സ് കൗൺസിൽ തെരഞ്ഞെടുപ്പ്

## വോട്ടർമാർക്കുള്ള അറിയിപ്പ്

**കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ/സെനറ്റ്/_സ്റ്റുഡൻറ്സ് കൗൺസിൽ എന്നിവയിലേക്ക് 10.04.2025-ൽ നടക്കുന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർമാർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:**

1. 21.03.2025-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള, 1 മുതൽ 189 വരെയുള്ള വോട്ടർമാർക്ക്, കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിൽ തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കാവുന്നതാണ്.

2. 18.03.2025-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 1 മുതൽ 189 വരെയുള്ള വോട്ടർമാർക്ക്, സെനറ്റ്/സ്റ്റുഡൻറ്സ് കൗൺസിലിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാവുന്നതാണ്.

3. പോളിംഗ്/കൗണ്ടിംഗ് പ്രക്രിയകൾ നടക്കുന്ന സ്ഥലങ്ങളിലേക്കുള്ള പ്രവേശനം പാസ്മൂലം ക്രമീകരിച്ചിരിക്കുന്നു. പ്രസ്തുത സ്ഥലങ്ങളിലേക്ക് മത്സരാർത്ഥികൾ/ അവരുടെ പ്രതിനിധികളായ വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ എന്നിവർക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. പ്രവേശന പാസ് അനുവദിച്ച് കിട്ടുന്നതിനുള്ള മത്സരാർഥിയുടെ അപേക്ഷ 09.04.2025-ന് വൈകുന്നേരം 03.00 മണിക്ക് മുമ്പ് നേരിട്ടോ ഇ-മെയിൽ (election@keralauniversity.ac.in) മുഖേനയോ സർവകലാശാല ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

പ്രസ്തുത അപേക്ഷകൾ പരിശോധിച്ച്, പോളിംഗ് ബൂത്തിലേക്കുള്ള പ്രവേശന പാസ്, മത്സരാർത്ഥിക്ക്/ഏജൻറിന്, 10.04.2025-ന് രാവിലെ 9.45-നും, വോട്ടെണ്ണൽ നടക്കുന്ന ഹാളിലേക്കുള്ള പ്രവേശന പാസ്, സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മത്സരാർത്ഥിക്ക്/ഏജൻറിന്, അന്നേ ദിവസം ഉച്ചക്ക് 1.45 -നും സെനറ്റ്/ സ്റ്റുഡന്റസ് കൗൺസിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മത്സരാർത്ഥിക്ക്/ ഏജൻറിന്, വൈകുന്നേരം 4.15 -നും തെരഞ്ഞെടുപ്പ് വേദിയുടെ പ്രവേശന കവാടത്തിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

4. പോളിംഗ്/ കൗണ്ടിംഗ് ഹാളിൽ പ്രവേശിക്കുന്നതിനായി കേരള സർവകലാശാല യൂണിയൻ/ സ്റ്റുഡന്റസ് കൗൺസിൽ തെരഞ്ഞെടുപ്പിലേക്കുള്ള മത്സരാർത്ഥികൾ സർവകലാശാല ജനറൽ കൗൺസിൽ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള ഐഡന്റിറ്റി കാർഡും സെനറ്റ് തെരഞ്ഞെടുപ്പിലേക്കുള്ള മത്സരാർത്ഥികൾ, കോളേജ് ഐഡന്റിറ്റി കാർഡും ഹാജരാക്കേണ്ടതാണ്. പ്രസ്തുത തെരഞ്ഞെടുപ്പുകളിലേക്കുള്ള മത്സരാർത്ഥികളുടെ ഏജന്റുമാർ സർവകലാശാല ജനറൽ കൗൺസിൽ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള ഐഡന്റിറ്റി കാർഡ് ഹാജരാക്കുകയും, അതോടൊപ്പം സുരക്ഷാ ജീവനക്കാർ നൽകുന്ന സാക്ഷ്യപത്രം പൂരിപ്പിച്ച് നൽകേണ്ടതുമാണ്.

5. 10.04.2025-ന് ഉച്ചക്ക് 02.00 മണിക്ക് കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിലേക്കുള്ള വോട്ടെണ്ണലും 4.30-ന് സ്റ്റുഡന്റസ് കൗൺസിലിലേക്കും തുടർന്ന് സെനറ്റിലേക്കുമുള്ള വോട്ടെണ്ണലും ആരംഭിക്കുന്നതാണ്. കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിലേക്കുള്ള വോട്ടെണ്ണൽ വൈകുന്ന പക്ഷം, പ്രസ്തുത വോട്ടെണ്ണൽ സമാപിക്കുന്ന മുറയ്ക്ക് സ്റ്റുഡൻറ്സ് കൗൺസിൽ, സെനറ്റ് തെരഞ്ഞെടുപ്പിലേക്കുള്ള വോട്ടെണ്ണൽ പ്രക്രിയ ആരംഭിക്കുന്നതാണ്.

6. വോട്ടെണ്ണൽ പ്രക്രിയയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപം ഉന്നയിക്കുന്ന പക്ഷം, പ്രസ്തുത വ്യക്തി റിട്ടേർണിംഗ് ഓഫീസറെ സമീപിക്കേണ്ടതാണ്. വ്യക്തികൾ കൂട്ടമായി വരുന്നതോ, അനാവശ്യ തർക്കങ്ങളും ഇടപെടലുകളും സൃഷ്ടിക്കുന്നതോ വോട്ടെണ്ണൽ നിർത്തി വയ്ക്കുന്നതിലേക്കും തുടർന്ന് നിയമ നടപടി സ്വീകരിക്കുന്നതിലേക്കും നയിക്കുന്നതാണ്.

7. പോളിംഗ്/കൗണ്ടിംഗ് നടക്കുന്ന ഹാളിലേക്കുള്ള പ്രവേശനവും ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും ക്യാമറ നിരീക്ഷണത്തിലായിരിക്കും.

8. പോലീസിന്റെയും സെക്യൂരിറ്റി ജീവനക്കാരുടെയും നിർദ്ദേശങ്ങൾ മത്സരാർത്ഥികൾ / ഏജന്റുമാർ കർശനമായി പാലിക്കേണ്ടതാണ്.

**Sd/-**

**07.04.2025** **Registrar/Returning Officer**